ശ്രീ. ആർ. ബാലകൃഷ്ണപ്പിള്ള : സ്ഥലം തന്നിട്ട് ഇതുകൊല്ലമായിട്ടും ഇതുവരെ ഒന്നും ചെയ്തിട്ടില്ലെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇക്കൊല്ലം അതു ചെയ്യുന്നതാണ്.

ശ്രീ. പാക്കളം ഭാസി : ഈ ഡിപ്പാർട്ടുമെൻറിൽ ഇൻജിനീയറിംഗ് ഫേക്കൽറ്റി കൂടുതൽ ഏർപ്പെടുത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നാലുമാസമായി.

ശ്രീ പ്രാക്കളം ഭാസി : ആവശ്യമുള്ള സ്റ്റാഫ് ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. കെ. എ. ശിവാനന്ദൻ : ടെമ്പററി ഷെഡ്ഡുകൾ പെർമനൻറ് ഷെഡ്ഡുകൾ ആക്കുന്നതിനു വേണ്ടി നിരാഹാരസത്യാഗ്രഹം നടന്നിട്ടുള്ളതായി അറിയാമോ?

MR. SPEAKER : Please put a separate Question.

ശ്രീ. പി. കെ. നാരായണൻ : മൊത്തം എത്ര സ്ക്വയർ ഫീറ്റാണ് അപകടനിലയിലുള്ളതെന്ന് അറിയാമോ?

മി. സ്പീക്കർ : കണക്കു ശേഖരിക്കുന്നതേ ഉള്ളൂ എന്നു പറഞ്ഞുകഴിഞ്ഞല്ലോ.

ശ്രീ. പി. ആർ. മാധവൻ പിള്ള : എത്ര പഞ്ചവത്സരപദ്ധതി കൊണ്ടു ഈ ഷെഡ്ഡുകൾ പുതുക്കിപ്പണിയാൻ സാധിക്കും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കാൽ പഞ്ചവത്സരപദ്ധതി എങ്കിലും വേണം.

കടലാക്രമണം.

* 318. [7] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തു കൃഷിമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡിസ്ട്രിക്ടിൽ കടലാക്രമണം തടയുന്നതിനു ഗവണ്മെൻറ് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ഏതെല്ലാമാണ് കടലാക്രമ പ്രതിരോധനടപടികൾ കൈക്കൊള്ളുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നത്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. എ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) കടലാക്രമണം കൂടുതലായി ബാധിച്ചിട്ടുള്ള പ്രദേശങ്ങളിൽ പ്രതിരോധ നടപടികൾ എടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. യു. നീലകണ്ഠൻ : അഞ്ചുതെങ്ങിൽ കടലാക്രമണം ഉണ്ടായിട്ടുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR SPEAKER : Please put a separate Question.

ശ്രീ. യ. നിലംബൂർ : തിരുവനന്തപുരം ഡിസ്ട്രിക്ടിലെ കടലാക്രമണത്തെപ്പറ്റിയാണ് ചോദ്യം. അഞ്ചുതെങ്ങ് തിരുവനന്തപുരം ഡിസ്ട്രിക്ടിലാണ്.

ശ്രീ. കെ. ഐ. വേലായുധൻ : അവിടെ ഏറ്റവും ചെറിയതോതിൽ കടലാക്രമണം ഉണ്ടായിട്ടുണ്ടെന്ന് അറിയാം.

ശ്രീ. ഒ. സി. ജോസ് : കടലാക്രമണം തടയുന്നതിന് ഉള്ള നടപടി പൂർത്തിയാക്കുവാൻ അതിനുവേണ്ട തുക ഇല്ലാത്തതുകൊണ്ടുവരുവാൻ കാൺട്രാക്ടർ ഒരുക്കുകയാണോ അതോ ഗവണ്മെന്റ് നേരിട്ട് നടത്തുകയാണോ?

ശ്രീ. കെ. ഐ. വേലായുധൻ : കാൺട്രാക്ടർ ഒരുക്കുകയാണ്.

ശ്രീ. ഒ. സി. ജോസ് : പള്ളുരുത്തി മണാശ്ശേരി മുതലായ സ്ഥലങ്ങളിൽ ഈ ബജറ്റിനുമുമ്പുതന്നെ പണം പരാതിയിലേക്ക് ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : ഒപ്പിട്ടതും ഒപ്പിടാത്തതുമായി മൂന്നു പരാതികൾ കിട്ടിയിട്ടുണ്ട്. അതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

സ്റ്റോറേജ് ടാങ്ക്സ്ട്രക്ട്.

* 319. [9] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പെട്രോളിയത്തുറകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ :

ഇക്കഴിഞ്ഞ നാലു മാസക്കാലത്ത് നിടയിൽ സ്റ്റോറേജ് ടാങ്ക്സ്ട്രക്ട് സപ്ലൈസിൽ ഉണ്ടായിട്ടുള്ള ബ്രേക്കേജുകൾ ഏതെന്നു പറയുവാൻ ദയവുണ്ടാകുമോ?

പെട്രോളിയത്തുറകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : ഇക്കഴിഞ്ഞ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ 1619 ബ്രേക്കേജുകൾ ഉണ്ടായിട്ടുണ്ട്. സെപ്റ്റംബർമാസത്തെ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. സുഗതൻ : അധികം പഴക്കംചെല്ലാത്ത ബസ്സുകളിൽ തന്നെ കൂടുതൽ ബ്രേക്കേജുകൾ വന്നിട്ടുള്ളതെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അറിഞ്ഞുകൂടാ.

ശ്രീ. ആർ. സുഗതൻ : കോട്ടയത്തു ബ്രേക്കേജുകൾ വാരം അധികരിച്ചതായി അറിയുമോ?

ശ്രീ. കെ. ഐ. വേലായുധൻ : അറിവില്ല.

പെട്രോളിൽ ലൈസൻസ്.

* 320. [10] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി പറയുമോ :

(എ) 45-ൽ പരം ദിവസങ്ങളായി പുനലൂർ പെട്രോളിൽ ലൈസൻസ് തടഞ്ഞുവച്ചിരിക്കുന്ന മാനേജരുടെ മേൽ ഗവണ്മെന്റ് എന്തു നടപടി എടുത്തു;

LIBRARY ARCHIVES Kerala Legislative Assembly